# എന്നെ ശക്തനാക്കുന്നവൻ

*" എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം*
*ഞാൻ സകലത്തിന്നും മതിയാകുന്നു. "*
*(ഫിലിപ്പിയർ 4:13)*

പലപ്പോഴും ക്രൈസ്തവഗോളം അത്ഭുതകരമായ ഒരു രോഗസൗഖ്യം മാത്രമാണ് ഉയർത്തുന്നതും മറ്റുള്ളവരെ അതിലേക്ക് ആകർഷിക്കുവാൻ ശ്രമിക്കുന്നതും. പെട്ടെന്നുള്ള സൗഖ്യം എന്നു പറയുന്നത് കാര്യങ്ങളുടെ ഒരു വശം മാത്രമാണ്. ദൈവം അത് ആഗ്രഹിക്കുന്നു എങ്കിൽ നിറവേറ്റും യാതൊരുവിധ സംശയവുമില്ല. എന്നാൽ പക്വത വന്ന വിശ്വാസികളിൽ പലപ്പോഴും ദൈവം ആഗ്രഹിക്കുന്നത് ദൈവത്തിന്റെ ഉദ്ദേശം കഷ്ടതയെ നേരിടുന്നതിലൂടെ വ്യക്തമാക്കുക എന്നതാണ്. ദൈവത്തിന് അവരിലൂടെ അറിയിക്കുവാൻ ചില സന്ദേശങ്ങൾ ഉണ്ട്, ദൈവത്തിന് പങ്കു വയ്ക്കുവാൻ ചില ആലോചനകളുണ്ട്. ദൈവത്തിന് ചില സ്വർഗ്ഗീയ പദ്ധതികൾ എന്നിലും നിങ്ങളിലും നിറവേറ്റണ്ടതായിട്ടുണ്ട്. അത് നാം ഒരിക്കലും മറന്നുപോകുവാൻ പാടുള്ളതല്ല. ദൈവം രോഗം പൂർണ്ണമായി സൗഖ്യമാക്കുവാൻ മതിയാകുന്നവനാണ്. എന്നാൽ അതിലുപരിയായി ഒരു വ്യക്തി ചിന്തിക്കേണ്ടത്



* 3 ആഗസ്റ്റ് 2003, കിഴക്കേക്കോട്ട, തൃശൂർ

പൂർണ്ണമായൊരു രോഗസൗഖ്യത്തിൽ ഉപരിയായി ദൈവം എന്ത് ചെയ്യുവാൻ ആഗ്രഹിക്കുന്നു എന്നുള്ളതാണ്. അത് തിരിച്ചറിയുകയും ആ നിലയിൽ ദൈവിക പദ്ധതികൾ രൂപം കൊള്ളുവാൻ ഇടയാകുന്നവെങ്കിൽ അതാണ് മഹാഭാഗ്യം എന്നു പറയുന്നത്.

ജീവിതത്തിൽ പ്രശ്നങ്ങളും പ്രയാസങ്ങളും ഉണ്ടാകുമ്പോൾ ദൈവം അത് നേരിടുവാൻ നമ്മെ അനുവദിക്കുന്നത് തികച്ചും വിഭിന്നമായ രീതികളിലാണ്. ഒരു പക്ഷേ തീയുടെ അനുഭവം നമുക്ക് ഉണ്ടായി എന്നുവരാം. ചില സന്ദർഭങ്ങളിൽ തീയെ കെടുത്തി ദൈവം രക്ഷിച്ചു എന്നു വരും. ചില സന്ദർഭങ്ങളിൽ തീയുടെ ബലം കെടുത്തി നമ്മെ വിടുവിച്ചു എന്നുവരും. ശദ്രക്ക്, മേശെക്ക്, അബേദനെഗോ എന്നീ മൂന്നു യൂവാക്കന്മാരെ തീ കെടുത്തിയല്ല ദൈവം രക്ഷിച്ചത്, അവരെ തീച്ചൂളയിൽക്കൂടി കടത്തിവിട്ടപ്പോൾ തന്നെ തീയുടെ ബലം കെടുത്തിയാണ് ദൈവ രക്ഷിച്ചത്. എന്നെയും നിങ്ങളേയും കുറിച്ച് ദൈവം ആഗ്രഹിക്കുന്നതും ആ വിധത്തിലുള്ള ചില അനുഭവങ്ങളാണ്. എപ്പോഴും തീ കെടുത്തി ദൈവം രക്ഷിക്കും എന്ന് വിചാരിക്കരുത്. ചിലപ്പോൾ തീച്ചൂളയിൽക്കൂടി കടന്നുപോകേണ്ടിവന്നാലും അത് അനുഭവിപ്പിക്കുകയും തീയുടെ ബലം കെടുത്തി നമ്മെ വിടുവിക്കുവാനും രക്ഷിക്കാനും ദൈവം സർവ്വശക്തനാണ്. രണ്ടാമതായി. അവൻ വെള്ളത്തിലൂടെ നമ്മെ നടത്തിയെന്നുവരാം. പ്രവചനപുസ്തകത്തിലുള്ള മഹത്തായ വാക്യം, നീ വെള്ളത്തിലൂടെ നടന്നാൽ മുങ്ങിപ്പോകയില്ല, വെള്ളം നിന്നെ മുക്കിക്കളയുകയുമില്ല.' ഒരു പക്ഷേ വെള്ളത്തിലൂടെയുള്ള അനുഭവങ്ങൾ നമുക്കുണ്ടായാൽ ഒരിക്കലും വെള്ളം നമ്മെ മുക്കിക്കളകയില്ല. ആ വിധത്തിൽ ദൈവത്തിന്നു നമ്മെ രക്ഷിക്കുവാൻ കഴിയും ചില സന്ദർഭങ്ങളിൽ വെള്ളം രണ്ടായി വിഭജിച്ചുകൊണ്ട് ദൈവം നമ്മെ അക്കരെ കടത്തിയെന്നുവരും. ആ മാർഗ്ഗം ദൈവമാണ് സ്വീകരിക്കുന്നത്. ഞാൻ പറഞ്ഞുവരു

ന്നതിന്റെ സാരം പ്രശ്നങ്ങളിലും പ്രയാസങ്ങളിലും രോഗങ്ങളിലും ഹ്യസ്വമായി നാം ദൈവത്തിന്റെ ആലോചന കാണരുത്. വിശാലമായി കാണുക, വചനാനുസരണം കാണുക, ദൈവം ഏതുവിധത്തിൽ നമ്മെക്കുറിച്ച് വിടുതൽ നൽകുവാൻ ആഗ്രഹിക്കുന്നു. - ദൈവത്തിന്റെ ഉദ്ദേശം ഏതുവിധത്തിൽ പൂർത്തീകരിക്കുവാൻ ആഗ്രഹിക്കുന്നുവെന്നുള്ളതാണ് അതിൽ പ്രധാനമായിട്ടുള്ളത്.

ദൈവം ചില സന്ദർഭങ്ങളിൽ സിംഹത്തിന്റെ വായടച്ച് നമ്മെ രക്ഷിക്കും അങ്ങനെയുള്ള അനുഭവം ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അവൻ സിംഹത്തിന്റെ വായടച്ച് രക്ഷിക്കുന്നവനാണ്. എന്നാൽ ചില സന്ദർഭങ്ങളിൽ അങ്ങനെയല്ല രക്ഷിക്കുന്നത് സിംഹത്തെ രണ്ടായി വലിച്ചു കീറുവാൻ ബലം കരങ്ങൾക്കു നൽകി ദൈവം രക്ഷിക്കും. ഏതു രോഗമാകട്ടെ ഏതു പ്രശ്നമാകട്ടെ ദൈവത്തിന് അസാദ്ധ്യമായിയാതൊന്നും തന്നെയില്ല. ഇന്ന് എന്നെ കേൾക്കുന്നവരിൽ പ്രയാസങ്ങളിലും പ്രതിസന്ധികളിലും കൂടി കടന്നുപോകുന്നവർക്ക് നൽകുവാനുള്ള സന്ദേശം: അലറുന്ന സിംഹം പോലെ പ്രശ്നങ്ങൾ നിങ്ങളെ അഭിമുഖീകരിക്കുമ്പോൾ ദൈവത്തിൽ ആശ്രയിക്ക. യേശുക്രിസ്തുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിക്കുന്ന ഒരു വ്യക്തിയുടെ മുമ്പിൽ അലറുന്ന സിംഹം പോലെ പ്രശ്നങ്ങൾ വരുമ്പോൾ ഒരു പക്ഷേ സിംഹത്തിന്റെ വായടച്ച് അവൻ നിന്നെ രക്ഷിച്ചു എന്നുവരും ചില സന്ദർഭങ്ങളിൽ സിംഹത്തെ വലിച്ചുകീറുവാനുള്ള ബലം നമ്മുടെ കരങ്ങൾക്ക് ദൈവം പരിശുദ്ധാത്മാവിനാൽ നിൽകിത്തരും. ദൈവമാണ് വിജയം നൽകുന്നത്. അത് താൻ നിർവ്വഹിക്കും. യാതൊരുവിധ സംശയവുമില്ല. ഒരു മതിലായി പ്രശ്നങ്ങൾ ഉണ്ട് എങ്കിൽ യെരിഹോ മതിൽ തകരുന്നതുപോലെ ദൈവം ആ മതിൽ തകർത്തു നിന്നെ രക്ഷിക്കുവാൻ മതിയായവനാണ്. എന്നാൽ ചില സന്ദർഭങ്ങളിൽ " എന്റെ ദൈവത്താൽ ഞാൻ മതിൽ ചാടി

ക്കടക്കും" എന്നു പറഞ്ഞുകൊണ്ട് ആ പ്രതിസന്ധികളെ തരണം ചെയ്യുവാൻ, അതിജീവിക്കുവാൻ ദൈവം നമ്മുടെ കാലുകൾക്ക് വേണ്ട ബലം നൽകും എന്നതിൽ യാതൊരു സംശയവുമില്ല. പ്രയാസങ്ങളും പ്രശ്നങ്ങളിലും ഏതുവിധത്തിലും ദൈവം ജയം നൽകുവാൻ പ്രാപ്തനാണ്.

ക്രൈസ്തവ സഭാചരിത്രത്തിൽ ഏറ്റവും വലിയ പ്രതികൂലങ്ങളെ നേരിടുകയും പൂർണ്ണമയി നിലയിൽ ആത്മികത കാത്തു പാലിക്കുകയും ചെയ്ത പൗലോസ് ശ്ലീഹാ അദ്ദേഹം ഉദ്ധരിച്ച ഒരു വാചകമാണ്" എന്ന ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു" എന്നത്.

ക്രൈസ്തവ സഭാചരിത്രത്തൽ ഇതുപോലെ പ്രതികൂലങ്ങളെ നേരിട്ടിട്ടുള്ള ഒരു വ്യക്തിയില്ല. ഇതുപോലെ പ്രശ്നങ്ങളെ കണ്ടെത്തിയിട്ടുള്ള ഒരു വ്യക്തിയില്ല. ആ വ്യക്തി അതിന്റെ മദ്ധ്യേ നിന്നുകൊണ്ട് വിളിച്ചു പറയുന്നു എന്നെ ശക്തനാക്കുന്നവൻ ഒരുവൻ ഉണ്ട് അവൻ മുഖാന്തിരം ഞാൻ സകലത്തിന്നും മതിയാകുന്നു എന്ന്. അതിന് തൊട്ടുമുമ്പാകെ താൻ പറയുന്ന വാചകം "ക്ലേശം അനുഭവിക്കുവാൻ കർത്താവ് എന്നെ ശീലിപ്പിച്ചിരിക്കുന്നു" എന്നാണ്. ക്ലേശം മാറ്റുവാനല്ല ക്ലേശം അനുഭവിക്കുവാൻ- ബുദ്ധിമുട്ട് അനുഭവിക്കുവാൻ കർത്താവ് എന്നെ ശീലിപ്പിച്ചിരിക്കുന്നു. സമൃദ്ധിയും, ദാരിദ്ര്യവും - രോഗവും - സുഖവും ഇതെല്ലാം ജീവിതത്തിന്റെ രണ്ട് അനുഭവങ്ങളാണ്. ഈ രണ്ട് അനുഭവങ്ങൾ വരുമ്പോൾ പരീക്ഷ നമുക്ക് ഉണ്ടാകുവാനുള്ള സാദ്ധ്യതകൾ ഉണ്ട്. ഈ രണ്ട് അനുഭവങ്ങളെ പ്രതികൂലമായ അനുഭവം എന്നും അനുകൂലമായ അനുഭവം എന്നും ഞാൻ വിഭജിക്കുവാൻ ആഗ്രഹിക്കുന്നു. പ്രതികൂലമായ അനുഭവങ്ങൾ-അനുകൂലമായ അനുഭവങ്ങൾ - ഈ രണ്ട് സാഹചര്യങ്ങളും പരീക്ഷയുണ്ടാകുവാൻ ഇടയാകുന്ന സാഹചര്യങ്ങളാണ്. പ്രതികൂല സാഹചര്യങ്ങളിൽ പലപ്പോഴും നാം ദൈവത്തെ ചോദ്യം ചെയ്യുവാൻ തക്കവണ്ണം സാത്താൻ നമ്മുടെ ഹൃദയങ്ങളെ

പരീക്ഷിക്കും. എന്തുകൊണ്ടാണ് എനിക്ക് ഇങ്ങനെ വന്നത്. മറ്റാർക്കും ഇങ്ങനെ വരുന്നില്ലല്ലോ,- ദൈവത്തെ ചോദ്യം ചെയ്യുവാനും പിറുപിറുക്കുവാനും ഹേതുവാകുന്ന ഒരു രംഗം. അതുപോലെ തന്നെ അനുകൂലരംഗങ്ങളിൽ സൗഖ്യം നമുക്ക് ദൈവം പ്രദാനം ചെയ്യുമ്പോൾ ആരോഗ്യം നമുക്ക് പ്രദാനം ചെയ്യുമ്പോൾ പലപ്പോഴും നിഗളിച്ചു പോകാറുണ്ട്. ദൈവിക സാന്നിദ്ധ്യനിഷേധം സംഭവിച്ചു പോകുവാൻ സാദ്ധ്യതയുണ്ട്. ഈ രണ്ടുവേളകളും ദൈവദാസനിൽ വന്നപ്പോൾ താൻ പറയുകയുണ്ടായി, ബുദ്ധിമുട്ടനുഭവിപ്പാൻ ഞാൻ ശീലിച്ചിരിക്കുന്നു. രോഗം അനുഭവിപ്പാൻ ഞാൻ ശീലിച്ചിരിക്കുന്നു. സുഖം അനുഭവിപ്പാൻ ഞാൻ ശീലിച്ചിരിക്കുന്നു. സമൃദ്ധിയും ദാരിദ്ര്യവും ക്ലേശവും ബുദ്ധിമുട്ടും ഉളവാകുന്ന ജീവിതസാഹചര്യങ്ങളിൽ മാറാവുന്നതല്ല ക്രിസ്തീയ ജീവിതം എന്നു പറയുന്നത. സാഹചര്യം എന്തു തന്നെ മാറിക്കൊള്ളട്ടെ, കാൽവറിയിൽ തനിക്കായി വിശുദ്ധരക്തം ചൊരിഞ്ഞ ക്രിസ്തുവിൽ നിന്നുള്ള വിശ്വാസത്തിൽ നിന്ന് വേർപിരിക്കുവാൻ യാതൊന്നിനും കഴികയില്ല എന്നും, രോഗമോ, മരണമോ കഷ്ടതയോ പട്ടിണിയോ, വാളോ, യാതൊന്നിനും ഈ വിശ്വാസത്തിൽ നിന്നും തന്നെ പിന്തിരിപ്പിക്കുവാൻ കഴികയില്ല എന്നും ശ്രേഷ്ഠ ദാസൻ പ്രഖ്യാപിച്ചു. അനുകൂലവും പ്രതികൂലവുമായ സാഹചര്യങ്ങളിൽ ജീവിതത്തെ നേരിടുക.

ഞാൻ അടുത്ത ഭാഗം പറഞ്ഞ് അവസാനിപ്പിക്കുന്നതിന് മുമ്പായി ഇതുവരെയും യേശുക്രിസ്തുവിനെ സ്വന്തം രക്ഷിതാവും കർത്താവുമായി സ്വീകരിക്കാത്ത ആരെങ്കിലും ഉണ്ട് എങ്കിൽ ശ്രദ്ധിക്കുക. പ്രയപ്പെട്ടവരേ, ജീവിതത്തിൽ പ്രയാസങ്ങൾ വരുമ്പോൾ നോക്കുവാൻ ഒരു കർത്താവ് ഉണ്ടാകണം. ഒരു മനുഷ്യൻ സ്വർഗ്ഗത്തിലേക്ക് നോക്കുവാൻ ഇടയാകുന്നതിനു മുമ്പ് പാപിയായിരിക്കുന്ന ഒരുവൻ ക്രൂശിലേയ്ക്ക് നോക്കേണ്ടത് ആവശ്യമാണ്. ക്രൂശിൽ പാപിയുടെ മരണം സംഭവിക്കണം. നിങ്ങൾക്കുവേണ്ടി പാപപരിഹാ

രാർത്ഥമായി ലോകത്തിലേക്ക് കടന്നുവന്ന് നിങ്ങളുടെ പാപവും പേറി, കാൽവരിയിൽ ഒരു ഹീന മരണവും അനുഭവിച്ച് - മരിച്ച് അടക്കപ്പെട്ട് പുനഃരുത്ഥാനം ചെയ്ത് ജീവിക്കുന്ന യേശുക്രിസ്തുവിനെ കർത്താവും സ്വന്തം രക്ഷിതാവുമായി സ്വീകരിക്കുന്ന ആർക്കും ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന സമാധാനവും സന്തോഷവും അളവറ്റതാണ്. ഒരു പക്ഷേ രോഗവു മരണവും സംഭവിച്ചാൽ പോലും അതൊരു മരണമല്ല. പകരം പുനഃരുത്ഥാനത്തിന്റെ ഒരുക്കം മാത്രമാണ്. "എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും.... അവൻ ഒരു നാളും മരണം കാണുകയില്ല". വിശ്വാസികൾക്ക് മരണമില്ല. ക്രൂശിൽ പാപിയുടെ മരണം സംഭവിച്ചു കഴിഞ്ഞാൽ അവൻ മരിക്കയില്ല ക്രിസ്തുവിനോടുകൂടെ ഉയർത്തെഴുന്നേൽക്കും. യാതൊരുവിധ സംശയവുമില്ല.

ആ മഹത്തായ വാക്യം ഒന്നുകൂടെ ആവർത്തിക്കുന്നു. " എന്നെ ശക്തനാക്കുവന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു." ശ്രദ്ധിക്കുക, ദാരിദ്ര്യം എന്നേ തേടി വന്നാൽ ഞാൻ അതിന് മതിയാകാത്തവനാണ്. ഞാൻ ബലഹീനനായൊരു മനുഷ്യനാണ്. ആ ദാരിദ്ര്യത്തെ നേരിടുവാനുള്ള ശക്തി എനിക്കില്ല. ആ സാഹചര്യത്തിന് ഞാൻ മതിയാകാത്തവനാണ്. രോഗം എന്നെ തേടിവന്നാൽ എന്റെ ശരീരം ക്ലേശകരമാണ്, ബലഹീനമാണ്, ആ വേദന താങ്ങുവാനുള്ള ത്രാണി എനിക്കില്ല. വാർദ്ധക്യം എന്നെ തേടിവന്നാൽ ഞാൻ ഒറ്റപ്പെട്ടുപോകും. ഞാൻ ആ അവസ്ഥയിൽ ഏകനായിപ്പോകും, അതെനിക്കു താങ്ങുവാൻ കഴികയില്ല. മരണം എന്നെത്തേടിവരുമ്പോൾ അതിനു ഞാൻ മതിയാകാത്തവാനാണ് കാരണം മരണത്തിന്റെ മുമ്പിൽ ഞാൻ നിസ്സഹായനാണ്. എന്നാൽ ഞാൻ എന്റെ കണ്ണുകളെ ഉയരങ്ങളിലേക്ക് പായിക്കുമ്പോൾ കാർമേഘത്തിനുള്ളിൽ ഞാൻ കാണുന്ന സൂര്യപ്രകാശം - നീതി സൂര്യന്റെ പ്രകാശം - അവിടെയാണ് എന്റെ രക്ഷിതാവ്, അവിടെയാണ് എന്റെ

കർത്താവ്, അവനാണ്, എന്നെ ശക്തനാക്കുന്നവൻ. അവനെന്നെ ശക്തനാക്കുന്നതുകൊണ്ട് ഇപ്പോൾ ഞാൻ സകലത്തിനും മതിയാകുന്നു. എന്റെ നിമിത്തമല്ല. അവൻ നിമിത്തം. അവൻ എന്നെ ശക്തനാക്കുന്നതുകൊണ്ട് ഞാൻ സകലത്തിനും മതിയാകുന്നു. ഇനി ദാരിദ്ര്യം എന്ന തേടിവന്നാൽ ഞാൻ പതറുകയില്ല. കാരണം എന്നെ ശക്തനാക്കുന്നവൻ ഉയരത്തിൽ ജീവിക്കുന്നു. ഇനി രോഗം എന്നെ തേടിവന്നാൽ ഞാൻ ക്ഷീണിതനാകുകയില്ല. കാരണം എന്നെ ശക്തനാക്കുന്നവൻ ഉയരത്തിൽ ജീവിക്കുന്നു. വാർദ്ധക്യം എന്നെ നേരിട്ടുകൊള്ളട്ടെ ഞാൻ പതറുകയില്ല. എന്റെ രക്ഷിതാവു ജീവിക്കുന്നു. അനാഥനേയും വിധവയേയും പരിപാലിക്കുന്ന ദൈവം, "ഞാൻ നിന്നെ ഒരു നാളും കൈവിടുകയില്ല" എന്ന് ആവർത്തിച്ചു പ്രഖ്യാപിച്ച കർത്താവ്. അവൻ ഒരിക്കലും എന്നെ കൈവിടുകയില്ല ഉപേക്ഷിക്കയുമില്ല, മരണം എന്നെ തേടിവന്നുകൊള്ളട്ടെ. ഞാൻ ആ മരണത്തിന് മതിയാകുന്നവനാകുന്നു. രോഗത്തിന് ഞാൻ മതിയാകുന്നവനാകുന്നു. ഏക കാരണം എന്നെ ശക്തനാക്കുന്നവൻ ജീവിക്കുന്നു. അവൻ ജീവിക്കുന്നതുകൊണ്ട് സാഹചര്യങ്ങൾ എന്തുതന്നെയായാലും ഞാൻ ഒരിക്കലും അതിൽ പതറിപ്പോവുകയില്ല. എന്നെ ശക്തനാക്കുന്നവൻ ജീവിക്കുന്നു. എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം ഞാൻ സകലത്തിനും മതിയാകുന്നു.

രണ്ട് ചേദ്യം ചോദിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. "ഞാൻ ആരാകുന്നു? എന്നെ ശക്തനാക്കുന്നവൻ ആരാകുന്നു? ശ്രദ്ധിക്കുക, ഞാൻ ഒരു രോഗിയാണെങ്കിൽ ക്രിസ്തുവിനെക്കുറിച്ച് ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നത് 'അവൻ കഷ്ടാനുഭവങ്ങളാൽ തികഞ്ഞവനാകുന്നു.' എന്നാണ്. യേശുക്രിസ്തു അനുഭവിച്ച കഷ്ടതകളുടെ ഒരു അംശം പോലും ഇതുവരെയും ലോകത്തിൽ ആരും അനുഭവിച്ചിട്ടില്ല. എല്ലാ കഷ്ടങ്ങളുടെയും പൂർണ്ണത അവന്റെ മേലാണ്. ബൈബിൾ അത് വെളിവാക്കുന്നുണ്ട്. ഞാൻ ഒരു പക്ഷേ

ഒരു രോഗിയാണെങ്കിൽ അവൻ രോഗം ശീലിച്ചവനായിരുന്നു. രോഗം കൊണ്ട് എന്റെ ആകൃതിക്ക് വ്യത്യാസം വന്നിട്ടുണ്ടെങ്കൽ അവന്റെ ശരീരം തകർക്കപ്പെട്ട അവസ്ഥയിലാണ്. രോഗം എന്റെ സൗന്ദര്യത്തിന് ഭംഗം വരുത്തിയിട്ടുണ്ടെങ്കിൽ എനിക്ക് ഒരു വൈകൃതം വരുത്തിയിട്ടുണ്ടെങ്കിൽ 'അവനെകണ്ടാൽ ആളല്ല എന്നു തോന്നുമാറ്" ക്രൂശിൽ എന്റെ പാപം നിമിത്തം വികൃതനായവനാണ്. ഈ രോഗത്താൽ എനിക്കു വ്യസനം ബാധിച്ചിട്ടുണ്ടെങ്കിൽ അവൻ വ്യസന പാത്രമായിത്തീർന്നിട്ടുണ്ട്. ആരെങ്കിലും എന്നെ രോഗം നിമിത്തം നിന്ദിച്ചിട്ടുണ്ടെങ്കിൽ അവൻ നിന്ദാ പാത്രമായിത്തീർന്നിട്ടുണ്ട്. ആരെങ്കിലും എന്നെ പരിഹാസത്തിന്റെ ഒരു വാക്ക് പറഞ്ഞിട്ടുണ്ടെങ്കിൽ 'അവനെ പരിഹസിച്ചുതീർന്നശേഷം' എന്നാണ് സുവിശേഷത്തിൽ നാം വായിക്കുന്നത്. നിന്ദയും പരിഹാസവും വ്യസനവും പൂർണ്ണമയാനുഭവിച്ച ദൈവപുത്രൻ നിനക്കായി ജീവിക്കുന്നു. ആരെങ്കിലും എന്നെ ത്യജിച്ചിട്ടുണ്ടെങ്കിൽ അവൻ ത്യജിക്കപ്പെട്ടവനാണ്. ആരെങ്കിലും പ്രശ്നത്താൽ വിയർത്തിട്ടുണ്ടെങ്കിൽ അവൻ രക്തം വിയർത്തവനാകുന്നു. ആരെങ്കിലും ഇരുളിന്റെ അവസ്ഥയിലൂടെ കടന്നു പോകുന്നുണ്ടെങ്കിൽ അവൻ കൂരിരുൾ കണ്ടവനാണ്. ദൈവപുത്രൻ വ്യഥകളുടെ ആഴങ്ങളിൽ ഇറങ്ങിപ്പോയ നിമിഷങ്ങൾ അതാർക്കും ഗ്രഹിക്കുവാൻ കഴിയില്ല. എന്റെ പാപവും പേറി നിങ്ങളുടെ പാപവും പേറി സർവ്വലോകത്തിന്റെയും പാപവും ചുമന്ന് കൂരിരുൾ കണ്ടവൻ ക്രിസ്തുവാണ്. താൻ കൂരിരുൾ കണ്ടുതുകൊണ്ട് നിന്റെ ഇരുൾ അവൻ വെളിച്ചമാക്കി മാറ്റും. ക്രിസ്തുവാണ് സാക്ഷാൽ വെളിച്ചമായവൻ. അവൻകണ്ട കൂരിരുൾ ആരും കണ്ടിട്ടില്ല. എന്റെ പാപത്തിന്റെ ഭീകരതമുഴുവനും ആ കൂരിരുളിലൂടെ വഹിച്ചവൻ അവനാണ്. പ്രയാസങ്ങളുടെ മദ്ധ്യേ നിങ്ങൾ ഒരു തേങ്ങൽ അനുഭവിച്ചിട്ടുണ്ടെങ്കിൽ അവൻ ഉറക്കെ നിലവിളിച്ചു പ്രാണനെ വിട്ടവനാണ്. നീയൊന്നു തേങ്ങിയിട്ടേയുള്ളൂ പക്ഷേ അവൻ അങ്ങ

നെയല്ല. അവൻ ഉറക്കെ നിലവിളച്ചു പ്രാണനെ വിട്ടു. വീണ്ടും മരണത്തിനധീനമാണ് നിന്റെ ശരീരം. മരണം നിന്നെ ഭയപ്പെടുത്തിയിട്ടുണ്ടെങ്കിൽ വിഷമിക്കുവാൻ ഒന്നുമില്ല. പാപം ചെയ്യുന്ന ദേഹി മരിക്കണം. പാപത്തിന്റെ ശമ്പളം മരണമാണ്. ഒരുക്കൽ മരണവും പിന്നെ ന്യായവിധിയും സർവ്വ മനുഷ്യർക്കും നിയമിക്കപ്പെട്ടതാണ്. ഇന്നല്ലെങ്കിൽ നാളെ ഞാൻ മരിച്ചേ മതിയാകയുള്ളൂ. ജനിക്കുന്നതു മുതൽ ഒരുവൻ മരിക്കുവാൻ തുടങ്ങുകയാണ്. പക്ഷേ എന്റെ ദൈവപുത്രൻ അവൻ മരണത്തിനതീതനായിരുന്നു. മരണത്തിന്റെ നിയമമായ പാപത്തിനതീതൻ പാപം ചെയ്യാത്തവൻ, പാപം ഇല്ലാത്തവൻ, പാപം കൂടാതെ ജീവിച്ചവൻ മരിക്കേണ്ടാത്തവനായിരുന്നു. അവൻ മരണം അനുഭവിച്ചുവെങ്കിൽ എന്റെ മരണം എത്രയോ നിസ്സാരമാണ്. പ്രിയപ്പെട്ടവരേ യേശുക്രിസ്തു കടന്നുപോയ സകലവ്യഥകളും എല്ലാകഷ്ടതകളും അവൻ നിന്നെ ശക്തനാക്കുവാൻ മതിയായവനാകുന്നു എന്നും അവനതിന് യോഗ്യതയുണ്ട് എന്നും തെളിയിക്കുന്നു.

ഞാൻ എന്റെ ഉപസംഹാര വാക്കുകളിലേക്ക് കടന്നുവരുവാൻ ആഗ്രഹിക്കുന്നു. അപ്പോസ്തലനായ പൗലോസ് ഇങ്ങനെയാണ് പറയുന്നത്: "ക്ലേശം അനുഭവിക്കുവാൻ കർത്താവ് എന്നെ ശീലിപ്പിച്ചു. എന്നെ ശക്തനാക്കുവന്നവൻ മുഖാന്തിരം ഞാൻ സകലത്തിനും മതിയാകുന്നു."മറ്റൊരു ഭാഗത്ത് താൻ ഇങ്ങനെ പറയുകയുണ്ടായി എനിക്ക് വേണ്ടുന്നതെല്ലാമുണ്ട് സമൃദ്ധിയുമായിരിക്കുന്നു. ഞാൻ ആ ഭാഗം വളരെ ചിന്തിച്ചിട്ടുണ്ട്. ഇത് ഞാനോ മറ്റൊരു സുവിശേഷകനോ പറഞ്ഞാൽ അതിൽ അൽപം വാസ്തവം കാണും. പക്ഷേ പറഞ്ഞത് പൗലോസാണ്. കഷ്ടതയുടെ നാളുകളിൽ തനിക്കുള്ള സമൃദ്ധി എന്തെന്നറിയുവാൻ ഞാൻ തന്റെ ലേഖനങ്ങളെല്ലാം പരിശോധിച്ചു നോക്കി. ഒടുവിൽ ഞാൻ കണ്ടെത്തിയത് ഇതു മാത്രമാണ്. ഉണ്ട് തനിക്ക് സമൃദ്ധിയായിട്ടുണ്ട് - കർപ്പോസിന്റെ വീട്ടിൽ ഒരു പുതപ്പും ചില പുസ്തകങ്ങ

ളും, കർത്താവിനുവേണ്ടി ഒഴിക്കുവാൻ അഥവാ രക്തസാക്ഷിയാകുവാൻ ചോരയുള്ള ഒരു കഴുത്തും. കാരാഗ്രഹത്തിൽ കിടന്നു കൊണ്ട് ഈ ദൈവ ഭക്തൻ- ഈ വിശ്വാസവീരൻ പ്രഖ്യാപിച്ചു. " എനിക്ക് വേണ്ടിയത് എല്ലാം ഉണ്ട്. സമൃദ്ധിയുമായിരിക്കുന്നു." കൈയിൽ ഒന്നും ഇല്ലാതിരിക്കെ - കേവലം ഒരു പുതപ്പും, ചില ചർമ്മ ലിഖിതങ്ങളും, കർത്താവിനുവേണ്ടി ഒഴുക്കുവാൻ ഒരു തുടം ചോരയും - ഇതു മാത്രം കയ്യിലുള്ളപ്പോൾ ഈ വിശ്വാസ വീരനെക്കൊണ്ട് കർത്താവ് പറയിപ്പിച്ചു; " എനിക്ക് വേണ്ടിയത് എല്ലാ ഉണ്ട് സമൃദ്ധിയുമായിരിക്കുന്നു."

ഇന്ന് എന്നെ കേൾക്കുന്ന പ്രിയ സ്നേഹിതാ, ഇതു പറയുവാൻ കഴിയുന്നതെങ്ങനെയെന്നു ഞാൻ പറയാം. ഇത് തനിക്ക് പറയുവാൻ കഴിഞ്ഞത് ക്രിസ്തുവിൽ തന്റെ സമ്പത്ത് കണ്ടുതുകൊണ്ടാണ്. തന്റെ സമ്പത്ത് താൻ ക്രിസ്തുവിൽ കണ്ടു. ഞാൻ ഇങ്ങനെ ആ ഭാഗം ആവർത്തിച്ചു വിശദീകരിക്കട്ടെ, ക്രിസ്തുവിൽ തന്റെ സമ്പത്ത് കണ്ടവനൊരിക്കലും ദരിദ്രനല്ല. ക്രിസ്തുവിൽ തന്റെ ആരോഗ്യം കാണുന്നവൻ ഒരിക്കലും രോഗിയുമല്ല. ക്രിസ്തുവിൽ തന്റെ ജീവൻ കാണുന്നവൻ ഒരിക്കലും ദ്രവത്വം കാണുകയില്ല. അതാണ് നസ്രയനായ യേശുക്രിസ്തുവിന്റെ പ്രത്യേകത. അവനിൽ കണ്ടെത്തുക നിങ്ങളുടെ സമ്പത്ത്. ലോകത്തിലെ സമ്പത്ത് മുഴുവനും കള്ളന്മാർക്കു വേണ്ടയിട്ടുള്ളതും പുഴുവിനും തുരുമ്പിനും വേണ്ടിയിട്ടുള്ളതുമാണ്. എന്നാൽ ക്രിസ്തുവിൽ കണ്ടെത്തുന്ന ആത്മീയമായ സമ്പത്തിന് ഒരിക്കലും അവസാനം ഉണ്ടാകയില്ല. അവനിൽ നിങ്ങൾ ആത്മിക സമ്പത്ത് കണ്ടെത്തുക. ക്രിസ്തുവിൽ നിങ്ങളുടെ ജീവൻ കണ്ടെത്തുക. ഇന്ന് മരണത്തിന് വിധേയപ്പെട്ട പ്രിയപ്പെട്ടവരേ എന്നെ കേൾക്കുന്ന പാപത്താൽ വലയുന്ന പ്രിയസ്നേഹിതരേ, ഇന്നു യേശുക്രിസ്തുവിനെ കർത്താവും സ്വന്തം രക്ഷിതാവുമായി സ്വീകരിക്കുക. അവനിൽ നിങ്ങളുടെ ജീവൻ

കണ്ടെത്തിയാൽ. നിങ്ങളുടെ മരണം അവനിൽ കണ്ടെത്തുമ്പോൾ ആ ജീവനിലൂടെ പ്രാപിക്കുന്ന പുനഃരുത്ഥാനത്തിന്റെ ശക്തിയാൽ പിന്നെ ഒരിക്കലും ദ്രവത്വം കാണുകയില്ല. നിത്യജീവനാൽ നിങ്ങൾ അനുഗ്രഹിക്കപ്പെട്ടവനായിത്തീരും. യാതൊരുവിധ സംശയവുമില്ല. എനിക്ക് വേണ്ടിയതെല്ലാമുണ്ട്, കാരണം ഞാൻ ക്രിസ്തുവിൽ എന്റെ ആത്മിക സമ്പത്തും അനുഗ്രഹങ്ങളും കാണുന്നു.

'എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിലും മതിയാകുന്നു'. ശ്രദ്ധിക്കുക: അവനാണെന്റെ കർത്താവ്. ഇനിയെന്നെ കൈപിടിച്ചു നടത്തുവാൻ ഒരു കർത്താവുണ്ട്. ഞാൻ ബലഹീനനായിരിക്കാം. പക്ഷേ സർവ്വശക്തനായ കർത്താവ് എന്റെ കൈ പിടിച്ചു നത്തുവാൻ മതിയായവനാണ്. ഞാൻ പാപത്താൽ ബലഹീനനായിപ്പോയാൽ അവനാണ് രക്ഷിതാവ്. അവൻ എന്റെ രക്ഷകനാണ്. എന്നെ പാപത്തിൽ നിന്നും ഉദ്ധരിക്കുവാനും എനിക്ക് പാപക്ഷമ നൽകുവാനും നിത്യ ജീവൻ നൽകുവാനും അവന് കഴിയും. അവൻ എന്റെ ഇടയനാകുന്നു. അവൻ എന്നെ ശക്തീകരിക്കുന്നവനാണ്, എന്നെ നല്ലനിലത്ത് നടത്തുന്ന ഇടയൻ ഇനി അവൻ ആകുന്നു. ഇനി ഞാൻ വാതിൽ തേടി അലയേണ്ടി വരികയില്ല അവൻ ആകുന്നു എന്റെ വാതിൽ. ഇനി ഞാൻ വിഴിതെറ്റി നടക്കുകയില്ല. എന്നെ ശക്തനാക്കുന്നവൻ എന്റെ വഴിയാകുന്നു. ഞാൻ സത്യത്തിനുവേണ്ടി ദാഹിക്കുന്ന ഒരുവൻ ആണെങ്കിൽ അവൻ സത്യമായി എന്റെ മുമ്പിൽ നിൽക്കുന്നു. ഇനി ഞാൻ ഇരുളിൽ തപ്പി നടക്കുകയില്ല എന്റെ കാൽ ഇടറുകയുമില്ല. എന്നെ ശക്തനാക്കുന്നവൻ വെളിച്ചമായി പ്രകാശിക്കുന്നതുകൊണ്ട് ഞാൻ ഒരിക്കലും ഇനി ഇരുളിൽ നടക്കുകയില്ല. എനിക്കിനി വിശക്കുകയില്ല. വിശന്ന് ഞാൻ പരവശനായിത്തീരുകയില്ല എന്നെ ശക്തനാക്കുന്നവൻ ജീവന്റെ അപ്പമാകുന്നു. ഞാൻ ദാഹിച്ചു വലയുകയില്ല അവൻ സാക്ഷാൽ മുന്തിരിവള്ളിയാകുന്നു. എനിക്ക് ജ്ഞാനം കുറ

വാണെങ്കിൽ ആ നിലയിൽ നിങ്ങളെന്നെ ബലഹീനനെന്ന് വിളിച്ചാൽ എന്റെ കർത്താവ് എനിക്ക് ജ്ഞാനം ആകുന്നു. അവനാകുന്നു എന്റെ നീതി, അവനാകുന്നു എന്റെ വിശുദ്ധി. ഇനി എന്നെ സ്നേഹിക്കുവാൻ ലോകത്തിൽ ആരുമില്ലെങ്കിലും എന്നെ എല്ലാവരും കൈവിട്ടാലും അവൻ സ്നേഹമായി എന്റെ മുമ്പിൽ പ്രത്യക്ഷപ്പെടും. ഏറ്റവും ഒടുവിൽ മരണം വന്ന് തട്ടി വിളിച്ചാൽ കല്ലറകൾ തുറക്കപ്പെട്ടാൽ അവൻ പുനരുത്ഥാനവും ജീവനും ആയി എന്റെ മുമ്പിൽ പ്രത്യക്ഷപ്പെടും.

യേശുക്രിസ്തു നമ്മെ ശക്തീകരിക്കുമ്പോൾ. അതിൽ പരിമിതികളില്ല, പരിധികളുമില്ല. ദൈവം ഈ വചനങ്ങളാൽ നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.